പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1217

11..02..2016 ൽ മറുപടിയ്ക്ക്.

## പ്രാദേശികതല നിരീക്ഷക സമിതികൾ

ചോദ്യം
ശ്രീ.എ. പ്രദീപ്കുമാർ

ഉത്തരം
ശ്രീ .അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽവയൽ-തണ്ണീർതട നിയമ പ്രകാരം കോഴിക്കോട് താലൂക്കിൽ എവിടെയെല്ലാം പ്രാദേശികതല നിരീക്ഷക സമിതികൾ രൂപീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | താലൂക്ക് അടിസ്ഥാനത്തിലല്ല ഗ്രാമ പഞ്ചായത്ത് തലത്തിലാണ് പ്രാദേശികതല നിരീക്ഷണ സമിതി രൂപീകരിച്ചിട്ടുള്ളത്. കോഴിക്കോട് താലൂക്കിൽ ഉൾപ്പെടുന്ന എല്ലാ ഗ്രാമപഞ്ചായത്തുകളിലും പ്രാദേശിക നിരീക്ഷണ സമിതി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിയമം ലംഘിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെല്ലാം പ്രാദേശികതല നിരീക്ഷണ സമിതികളാണ് ആർ.ഡി.ഒ.യ്ക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) & (സി) | 2008-ലെ കേരള നെൽവയൽ തണ്ണീർതട സംരക്ഷണ നിയമം വകുപ്പ് 7 പ്രകാരം നിയമ ലംഘനം സംബന്ധിച്ച് ബന്ധപ്പെട്ട കൃഷി ഓഫീസർമാരാണ് റിപ്പോർട്ട് ചെയ്യേണ്ടത്. പ്രാദേശികതല സമിതിയല്ല. |
| (സി) | പ്രസ്തുത നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം ഓരോ പ്രാദേശികതല കമ്മിറ്റിയും സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പും അതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ